**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയെ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ പരിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയെ രാജ്യത്തിനാകെ മാതൃകയാക്കുന്ന തരത്തിൽ പരിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജോർദ്ദാനിൽ വച്ച് 2024 ഏപ്രിൽ 28, 29, 30 എന്നീ തീയതികളിൽ ഏഷ്യാ-പസഫിക്ക് രാജ്യങ്ങളിലെ സഹകരണ മന്ത്രിമാരുടെ 11-ാമത് കോൺഫറൻസ്, ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസും അതിന്റെ ഏഷ്യാ പസഫിക് റീജിയനും ജോർദ്ദാനിലെ സഹകരണ വകുപ്പും ചേർന്ന് സംഘടിപ്പിച്ചു. കേരളത്തിലെ സഹകരണ മേഖലയിലെ നേട്ടങ്ങൾ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ 'ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്' ന്റെ ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.<br><br>കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ ഐ.സി.എ. ഏഷ്യാ പസഫിക് ഭാരവാഹികൾ അഭിനന്ദിക്കുകയുണ്ടായി. കൂടാതെ കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട്, തുടങ്ങിയവ ലോകശ്രദ്ധ നേടിയിട്ടുള്ളതാണ്.<br><br>കേരള ബാങ്കിന് World Co-operative Monitor റിപ്പോർട്ട് പ്രകാരം turn over, GDP, Per Capita എന്നിവയുടെ അടിസ്ഥാനത്തിൽ ഏഷ്യയിൽ സഹകരണ മേഖലയിൽ ഒന്നാം സ്ഥാനമാണുള്ളത്. കേരളത്തിലെ ഏറ്റവും ശക്തമായ സഹകരണ വായ്പാ മേഖലയെ ലോകോത്തരമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ സാധിച്ചത്. ആയത് |

രാജ്യത്തെ തന്നെ ഏറ്റവും ശ്രദ്ധേയമായ നടപടിയായിരുന്നു.

**<u>സഹകരണ വകുപ്പ് നടത്തി വരുന്ന പദ്ധതികൾ</u>**

1**<u>.സഹകരണ എക്സ്പോ</u>**

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികകല്ലാണ് സഹകരണ എക്സ്പോ. കേരളീയ സമ്പദ് വ്യവസ്ഥയുടെ പുരോഗതിയിൽ സഹകരണസംഘങ്ങളുടെ സംഭാവന വിലയിരുത്തുക, വിജയഗാഥകൾ പ്രചരിപ്പിക്കുക, സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഈ മേഖല സൃഷ്ടിച്ച മാതൃകകൾ, സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രചാരണം എന്നിവ ലക്ഷ്യമാക്കിയാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി എക്സ്പോ സംഘടിപ്പിക്കുന്നത്.

**<u>2. മുറ്റത്തെമുല്ല</u>**

കേരളത്തിലെ ഗ്രാമീണ, മലയോര മേഖലകളിലെ സ്ത്രീകളെയും, താഴെ തട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെയും വർഷങ്ങളായി നിയമ വിരുദ്ധമായ പണമിടപാട്ടുകാർ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇത്തരം പണമിടപാട്ടുകാർ പ്രതിവർഷം 120% മുതൽ 150% വരെ നിരക്കിൽ അമിതപലിശ ഈടാക്കി, ദുർബലരായ സ്ത്രീകളെയും അവരുടെ കുടുംബങ്ങളെയും സാമ്പത്തിക ദുരിതത്തിലേക്ക് തള്ളിവിടുന്ന സാഹചര്യത്തിലാണ് സഹകരണ വകുപ്പ് 2018-ൽ ഒരു നൂതന മൈക്രോ ഫിനാൻസ് പദ്ധതിയായ "മുറ്റത്തെമുല്ല" ആവിഷ്കരിച്ച് നടപ്പിലാക്കിയത്. കുടുംബശ്രീയുമായി സഹകരിച്ചാണ് ഈ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നത്.

**3. ഹരിതം സഹകരണം**

സഹകരണസംഘങ്ങൾ വഴി പരിസ്ഥിതി സൗഹൃദ രീതികളും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സഹകരണ വകുപ്പിന്റെ പദ്ധതിയാണ് "ഹരിതം സഹകരണം". 2018-ലെ ലോക പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച ഈ പദ്ധതി വഴി ആദ്യത്തെ അഞ്ചു വർഷംകൊണ്ട് അഞ്ചുലക്ഷം ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിൽ മരങ്ങളുടെ പ്രാധാന്യം പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുക, കാർബൺ ന്യൂട്രൽ പ്രദേശങ്ങളായി ഓരോ സ്ഥലത്തെയും മാറ്റുക എന്നതാണ് ഈ പദ്ധതിക്ക് പിന്നിലെ പ്രധാന ആശയങ്ങൾ.

**4. അക്ഷരംമ്യൂസിയം**

ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി കേരളത്തിലെ സഹകരണ മേഖല സമർപ്പിച്ചിരിക്കുന്ന ഒരു അതുല്യ സാംസ്കാരിക സ്ഥാപനമാണ് കോട്ടയത്തെ അക്ഷരം മ്യൂസിയം (Museum of Letter, Literautre and Culutre).

**5. കെയർഹോം**

2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതി യാണ് കെയർ ഹോം പദ്ധതി.

**6. കോപ് കേരള സർട്ടിഫിക്കേഷൻ**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിന് കീഴിൽ കൊണ്ടുവന്നു വിപണി ഇടപെടൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ്പ്രോഡക്ട്സ്" പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ കോപ്കേരള സർട്ടിഫിക്കേഷൻ നല്കിവരുന്നു.

**7. KAPCOS & PAPCOS**

കേരളത്തിലെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

**8. പ്രവാസികൾക്കായി "പ്ലാന്റ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ" പദ്ധതി (POT)**

കേരളത്തിലെ 36.50 ലക്ഷത്തോളമുള്ള പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി അത് താത്കാലികമായി ഏറ്റെടുത്തു കേരളത്തിലെ പ്രാഥമിക കാർഷിക വായ്പസംഘങ്ങളിലൂടെ (PACS) ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു അവയിൽ

നിന്നുള്ള വിളവെടുപ്പ് നടത്തി, വിപണനം നടത്തുക. ഒരു നിശ്ചിത കാലയളവ് കഴിഞ്ഞു ഭൂമിയോടൊപ്പം ആദായമുള്ള തോട്ടം പ്രവാസിക്ക് തിരികെ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**9. ഫെനി നിർമ്മാണം**

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ വഴി ഫെനി ഉല്പാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

1**0. സഖി പദ്ധതി**

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻ വഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനു കൂടുതൽ ദിശാബോധം നല്കുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും, ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**11. "മികവ്" പദ്ധതി**

സഹകരണവകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായി അവരുടെ അറിവ് (Knowledge), കഴിവ് (Skill), മനോഭാവം (Attitude) എന്നിവ മെച്ചപ്പെടുത്തി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് സ്വയം സജ്ജരാക്കുന്നതിലേയ്ക്കായി ഓൺലൈൻ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട്

സഹകരണവകുപ്പ് തയ്യാറാക്കിയ പരിശീലന പദ്ധതിയാണ് "മികവ്" പദ്ധതി.

**12. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം**

അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സഹകരണസംഘം നിയമം വകുപ്പ് 57 E പ്രകാരം സർക്കാർ "കേരള സഹകരണ പുനരുദ്ധാരണഫണ്ട് സ്കീം 2024" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

**13. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി**

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്.

**14. മെമ്പർ റിലീഫ് ഫണ്ട്**

സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ സഹകാരികൾക്കുള്ള ഒരു ക്ഷേമപദ്ധതിയാണ് അംഗ സമാശ്വാസനിധി (Member Relief Fund). അർബുദം, വൃക്കരോഗം/ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ ബൈപ്പാസ് സർജറി), എച്ച്.ഐ.വി, അപകടത്തിൽപെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത.

**<u>15. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ</u>**

**<u>(One Time Settlement - OTS)</u>**

കേരളത്തിലെ സഹകരണ വകുപ്പ്, വായ്പാ കുടിശ്ശികയുള്ളവർക്ക് ആശ്വാസം നൽകാനും സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്.. സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തു പല കാരണങ്ങളാൽ വായ്പ തിരിച്ചടവ് മുടങ്ങി പ്രതിസന്ധിയിലായ ലക്ഷക്കണക്കിന് വായ്പക്കാർക്ക് ആശ്വാസം നൽകാനും, സഹകരണ സ്ഥാപനങ്ങൾക്ക് കിട്ടാക്കടം തിരിച്ച പിടിക്കാനും സഹായിക്കുന്ന ഒരു സുപ്രധാന മാർഗ്ഗമാണ് ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി. എല്ലാവർഷവും ഇതിനായി ഒരു പാക്കേജ് പ്രഖ്യാപിച്ച നടപ്പിലാക്കുന്നു.

**<u>16. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA)</u>**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ പരിശോധനാ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനായി സഹകരണ വകുപ്പ് വികസിപ്പിച്ചെടുത്ത ഒരു സമഗ്ര ഓൺലൈൻ പ്ലാറ്റ്ഫോമാണ് CIMA.

ശ്രീലങ്കയിലെ കൊളമ്പോയിൽ 2025 സെപ്റ്റംബർ 23 മുതൽ 25 വരെ നടക്കുന്ന 19-ാമത് ICA ഏഷ്യാ പസഫിക് റിസർച്ച് കോൺഫറൻസിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മന്റ് ആപ്ലിക്കേഷൻ (CIMA) സംബന്ധിച്ച ഗവേഷണ പ്രബന്ധം അവതരിപ്പിക്കുന്നതിന് സഹകരണ വകുപ്പിന് ക്ഷണം ലഭിച്ചിട്ടുണ്ട്.

**17. "അങ്ങാടി കേരള ആപ്പ്".**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും, ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുമുള്ള ഉപയോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു.

**18.എംആർഎഫ് ഫണ്ട് വിതരണ സംവിധാനം എം.ആർ.എഫ് സോഫ്റ്റ് വെയർ**

| | | | |
|---|---|---|---|
| | | | മെമ്പർറിലീഫ് ഫണ്ടിന് അർഹതയുള്ള ഒരു വെബ് സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കാനും സമർപ്പിച്ച അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിനും കഴിയുന്ന സംവിധാനമാണ് മെമ്പർ റിലീഫ് ഫണ്ട് ഡിസ്ബർസൽ സിസ്റ്റം. ആവശ്യമായ രേഖകളുടെയും, യോഗ്യതകളുടെയും പരിശോധന, എഐപി അപേക്ഷ പ്രോസസ്സിംഗ്, എളുപ്പവും തടസ്സമില്ലാത്തതുമായ ഫണ്ട് വിതരണം എന്നിവ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിന് ഇത് സഹായകരമാണ്. പൂർണ്ണമായും പേപ്പർരഹിത സംവിധാനമാണിത്. അംഗങ്ങൾക്ക് നേരിട്ടോ അക്ഷയ സെന്ററുകൾ വഴിയോ അപേക്ഷസമർപ്പിക്കാം. |
| (ബി) | സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.<br><br>സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർ ദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലറ്റുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുന്നു. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും, 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും **coopkerala** സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയിൽ സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദീകരിക്കുമോ; കാപ്കോസ്, പാപ്കോസ് സംഘങ്ങളുടെ പ്രവർത്തനം വിലവിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കൃഷിയ്ക്കും കാർഷിക വ്യവസായ സംരംഭങ്ങൾക്കുമായി 2024-25 സാമ്പത്തിക വർഷത്തിൽ കേരളാ ബാങ്കിൽ നിന്നും 4552 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 25,386 കർഷകർക്കായി 697 കോടി രൂപയും ആഗസ്റ്റ് 31 വരെ വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോക്യൂർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>22-11-2024 തീയതിയിൽ സ.ഉ. (സാധാ) നം.558/2024/Co-Op നമ്പർ ഉത്തരവ് പ്രകാരം പാപ്കോസിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ റൈസ് മിൽ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമായതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിനായി 2013 ലെ RFCTLARR ACT പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ 23.12.2024 ലെ G.O.(Rt). No.3072/2024/RD നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നത്തിനുള്ള നടപടികൾ സംഘം സ്വീകരിച്ചുവരുന്നു.<br><br>കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനമായി 27.08.2021 തീയതിയിൽ രജിസ്റ്റർ ചെയ്ത് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) ക്ലിപ്തം നമ്പർ 4505 പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ നേതൃത്വത്തിൽ ആധുനിക റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ